

# RCHSS CHUNDALE

# ധ്വനി

## ലിറ്റിൽ കൈറ്റ്സ്

# എഡിറ്റോറിയൽ

എഡിറ്റർ : അമൽ റോഷൻ
സബ് എഡിറ്റർ : മുഹമ്മദ് ഷാഹിൻ

അംഗങ്ങൾ

അഭന്ന്യ കൃഷ്ണ
മുഹമ്മദ് ആദിൽ
നാജിയ ൻസ്റിൻ
ആരോൺ ജോഷി
ഫിത ഫാത്തിമ എം. വി





# ആശംസകൾ



ആർ.സി.എച്ച്.എസ്  ചൂണ്ടേൽ ലിറ്റിൽ കൈറ്റ്സ് പ്രതിഭകൾ പുറത്തിറക്കുന്ന  മാഗസിൻ വിദ്യാലയ വർണ പ്രപഞ്ചത്തിന്റെ ഉൾത്തുടിപ്പുകൾ അനാവരണം ചെയ്യുന്ന രചനകളാണ്. ഡിജിറ്റൽ ഇൻഫോർമേഷൻ ഇമോഷണൽ ഇൻഫോർമേഷൻ ആകുന്ന കാലഘട്ടത്തിൽ ഇത്തരം മാസികൾ കൂടുതൽ സാമൂഹിക, ചലനാൽ മകമാകട്ടെയെന്ന് ആശംസിക്കുന്നു.

ബേബി പീറ്റർ
പ്രധാനാധ്യാപകൻ

# ഹൃദയപൂർവ്വം




എഴുത്തുകൾ എന്റെ കുട്ടികൾ വായിക്കുന്നു , ചർച്ച ചെയ്യുന്നു എന്നതിൽപരം ഒരധ്യാപകന് ആനന്ദിക്കാൻ അഭിമാനിക്കാൻ മറ്റെന്ത്..?!

എപ്പോഴോ മനസ്സിൽ ഉടക്കിയ ചില ചിന്തകളെ എഴുതി വച്ചതാണ്. അതിനെ ഈ വിധം അണിയിച്ചൊരുക്കിയ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും പ്രിയ ജെയിംസ് സാറിനും ജെസ്സി ടീച്ചർക്കും നന്ദി.

പ്രിയ കുട്ടുകാരേ..

വിവരസാങ്കേതിക വിദ്യയിലൂടെ സർഗ്ഗാത്മകതയും മനുഷ്യത്വവും വിവേകവും വളർത്താൻ നിങ്ങൾക്കെന്നും സാധിക്കണം.

ആശംസകൾ..

നന്ദി..

സ്നേഹം..

റോയ്സൺ പിലാക്കാവ്

മലയാളം മാഷ്

# ഉള്ളടക്കപ്പട്ടിക

1.ലോക്ക്ഡൗൺ

2.കുറുക്കനും കോഴിയും

3.പാത്തുമ്മയുടെ ആട് ഒരു ആസ്വാദനക്കുറിപ്പ്

4.കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ

5.നാടാൻ കലകൾ

6.ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം

7.വിദ്യാർത്ഥികളിൽ

8.ക്യാൻസർ വാർഡിലെ ചിരി

9.വിത്തിടൽ പാട്ട്

10.ആസ്വാദനകുറിപ്പ്

11.മഹാമാരി


12.പേരിലെന്തിരിക്കുന്നു..!?

# ലോക്ഡൗൺ

ആദ്യമൊക്കെ ചെറിയ ബുദ്ധിമുട്ടുകൾ നേരിട്ടെങ്കിലും പിന്നീട് ശെരിയാകുമെന്നാണ് കരുതിയത് പക്ഷെ അല്ല ഈ വീട്ടിലിരുപ്പ് അത്ര സുഖമുള്ള കാര്യമല്ല പിന്നെ എങ്ങനെ അമ്മ ഇത്രയും നാൾ പിടിച്ചു നിന്നു എന്നാണ് എന്റെ സംശയം എനിക്ക് തിരിച്ചറിവുള്ള കാലം മുതൽ അമ്മ അമ്മക്ക് ഇഷ്ട്ടമുള്ള സ്ഥലങ്ങളിൽ പോകുന്നതോ അമ്മക്ക് ഇഷ്ട്ടമുള്ള ഭക്ഷണം കഴിക്കുന്നതോ ഒന്നും എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല എല്ലാം കുടുംബത്തിന് വേണ്ടി സ്വന്തം ഇഷ്ട്ടങ്ങൾ മാറ്റിവെച്ച അമ്മയെ ഞാൻ കാണാൻ ഇടയായത് ലോക്ഡൗൺ കാലത്താണ് അല്ലാത്ത സമയത്ത് അമ്മയോട് ഒന്ന് സ്നേഹത്തോടെ പെരുമാറാനോ ഒന്നും എന്റെ വാശി അനുവദിച്ചില്ല കാരണം പണ്ടെങ്ങോ ഒരു സൗന്ദര്യപിണക്കത്തിന്റെ പേരിൽ തമ്മിൽ പിരിഞ്ഞതാണ് അച്ഛനും അമ്മയും കോടതിയിൽ വച്ചു ആരോടപ്പം പോണമെന്നു ചോദിച്ചപ്പോൾ ഞാൻ അച്ഛന്റെ കൂടെ പോണമെന്നാണ് ഞാൻ പറഞ്ഞത് അച്ഛനോടൊപ്പം പോയപ്പോളെല്ലാം അമ്മയുടെ കുറ്റങ്ങളെല്ലാതെ വേറൊന്നും കേട്ടിരുന്നില്ല പെട്ടന്ന് ഒരു ദിവസം ക്ലാസ്സ് കഴിഞ്ഞ് വീട്ടിൽ എത്തിയപ്പോൾ ഞാൻ കേട്ടത് അച്ഛൻ ഒരു രണ്ടാം വിവാഹത്തിന് സമ്മതം മൂളിയിരിക്കുന്നു അത് കേട്ടയുടനെ പോകാൻ വേറെ സ്ഥലമൊന്നും ഇല്ലാത്തോണ്ട് അമ്മയുടെ വീട്ടിലേക്ക് തിരിച്ചു എന്നെ ഒന്നും തടയാനോ അച്ഛൻ മുതിർന്നില്ല എനിക്ക് അമ്മയോട് ഉള്ളതുപോലെ അമ്മക്ക് എന്നോട് യാതൊരു പരാതിയോ ഒന്നും ഉണ്ടായിരിന്നില്ല രണ്ടും കൈയും നീട്ടിയാണ് അമ്മ എന്നെ സ്വീകരിച്ചത് എന്നാലും അച്ഛൻ പറഞ്ഞത് വച്ച് അമ്മയോട് ക്ഷെമിക്കാൻ എനിക്ക് കഴിഞ്ഞില്ല ഈ സമയത്താണ് സർക്കാർ ലോക്ഡൗൺ പ്രഖ്യാപിച്ചത് ആദ്യമൊന്നും അത്ര കർശനമായി ഇരുന്നില്ല ഫ്രണ്ട്സിനെ ഒപ്പം സമയം ചെലവഴിക്കും ആയിരുന്നു ഞാൻ പുറത്തു പോയി വരുമ്പോൾ എല്ലാം അമ്മ എന്നെ ഉപദേശിക്കുമായിരുന്നു ലോക്ഡൗൺ ആണ് പുറത്തു പോകരുതെന്ന് പക്ഷേ അതൊന്നും ഞാൻ കേൾക്കാൻ കൂട്ടാക്കിയിരുന്നില്ല ചെറുപ്പംമുതലേ അച്ഛന്റെ വാക്കുകേട്ട് അമ്മ അനുസരിക്കാതിരുന്ന ആളാണ് ആ ശീലം ഇപ്പോഴും മാറിയിട്ടില്ല പിന്നീടാണ് അതിന്റെ ആവശ്യങ്ങൾ അറിഞ്ഞു തുടങ്ങിയത് പതിയെ ചുമയും വിട്ടുമാറാത്ത പനിയും എന്നെ പിന്തുടർന്നു രോഗത്തിൽ സംശയംതോന്നിയ അമ്മ ഡോക്ടറുടെ വീട്ടിലേക്ക് വിളിച്ചു വരുത്തി ഈ അവസ്ഥയിൽ

ഹോസ്പിറ്റലിൽ പോകുന്നത് ശരിയല്ലല്ലോ  ഡോക്ടർ വീട്ടിലെത്തി എന്നെ കൺസൽട്ട് ചെയ്തു  വളരെ സമയം വൈകിയിരിക്കുന്നു മകൾക്ക് കൊറോണ വൈറസ് ബാധിച്ചിരിക്കുന്നു  കുട്ടിയെ എത്രയും പെട്ടെന്ന് ഐസോലേഷൻ എത്തിക്കണം ഡോക്ടർ അമ്മയുടെ രഹസ്യമായി പറയുന്നത് ഞാൻ കേട്ടു  ഏതായാലും മരണം ഉറപ്പാണ്              വാർഡിൽ കുട്ടി  ഒറ്റയ്ക്ക് ആയിരിക്കണം എന്ന് ഡോക്ടർ വിലക്കിയിട്ടും അമ്മ അത് അനുസരിക്കാൻ തയ്യാറായില്ല  എന്നോടൊപ്പം ഞാനുറങ്ങുമ്പോഴും അമ്മ എല്ലാം എനിക്ക് കാവലായി  ഇതിലൂടെയെല്ലാം അമ്മയുടെ സ്നേഹവും ലാളിത്യവും എല്ലാം എനിക്ക് പതിയെ മനസ്സിലാക്കാൻ സാധിച്ചു  പക്ഷേ ഇത്രയും കാലമായിട്ടും അച്ഛൻ എന്താ അമ്മയെ മനസ്സിലാക്കാത്തത്  അമ്മ എനിക്ക് കാവലായി കാവലായി ഇപ്പോൾ അമ്മയുടെ മരണം എനിക്കൊരു ഓർമ്മയാണ്

ദിയ ഫെബിൻ





കുറുക്കനും കോഴിയും
ഇവനെ എങ്ങനെ താഴെയിറക്കാം
ഒരിക്കൽ ഒരു കുറുക്കൻ ചുറ്റിത്തിരിഞ്ഞ് ഗ്രാമത്തിലെത്തി. അവിടെ മരത്തിൽ ഒരു കോഴി ഇരിക്കുന്നത് അവൻ കണ്ടു.
എടോ! കോഴികുട്ടാ, നീ വിശേഷമൊന്നും അറിഞ്ഞില്ലേ?
അവന് ഒരു സൂത്രം തോന്നി അവൻ വിളിച്ചു പറഞ്ഞു
"കാട്ടു മൃഗങ്ങളും നാട്ടുമൃഗങ്ങളും തമ്മിൽ സ്നേഹത്തിൽ കഴിയാമെന്ന് കരാറുണ്ടാക്കിയിരിക്കുന്നു. താഴെ വാ. നമുക്ക് കൂട്ടുകാരാവാം."




KEVIN JACOB 8D

# പാത്തുമ്മയുടെ ആട് ഒരു ആസ്വാദനക്കുറിപ്പ്

ബഷീറിന്റെ ഏറ്റവും പ്രസിദ്ധമായ ഒരു നോവലാണ് പാത്തുമ്മയുടെ ആട് 1956 പ്രസിദ്ധീകരിച്ച ഈ നോവലിന് പെണ്ണുങ്ങളുടെ ബുദ്ധി എന്നൊരു പേരുമുണ്ട് ബഷീറിന്റെ ഉമ്മ സഹോദരങ്ങൾ അവരുടെ ഭാര്യമാർ കുട്ടികൾ തുടങ്ങിയവരാണ് ഈ കഥയിലെ കഥാപാത്രങ്ങൾ അവിടെ നടക്കുന്ന ദൈനംദിന സംഭവവികാസങ്ങൾ തന്റെ തനത് ശൈലിയിൽ വിവരിക്കുന്ന കഥയാണിത് വീട്ടിലെ ഓരോ കുടുംബങ്ങൾ മുതൽ സഹോദരി വളർത്തുന്ന ആട് വരെ ഈ നോവലിലെ കഥാപാത്രങ്ങളാണ് തന്നെ അലട്ടിയിരുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് ചികിത്സയും വിശ്രമവുമായി വൈക്കത്തിനടുത്ത് തലയോലപ്പറമ്പിലുള്ള കുടുംബവീട്ടിൽ കഴിയുമ്പോഴാണ് നിരവധി പ്രത്യേകതകൾ നിറഞ്ഞതാണ് പാത്തുമ്മയുടെ ആട് എന്ന നോവൽ കണ്ണീരിനെ പൊട്ടിച്ചിരി ആക്കി മാറ്റുന്ന ജീവിത ഗ്രാമീണ ബിംബങ്ങളാണ് കഥയിലൂടെ നീളം വന്നുപോകുന്നത് 1954 ഏപ്രിൽ 27ന് എഴുതി തീർത്ത് തിരുത്തുകയോ പകർത്തി എഴുതി ഭംഗിയാക്കുകയോ ചെയ്യാതെ എഴുതിയ പടി തന്നെയാണ് ഈ നോവൽ പ്രസിദ്ധീകരിക്കുന്നത് പ്രണയമോ വില്ലന്മാരും ഇല്ലാതെ കഥയിലെ ആഖ്യാതാവായ ഞാൻ ദൃക്സാക്ഷി വിവരണം പോലെ കഥ പറഞ്ഞു പോകുന്ന ഈ




കുടുംബകഥ സമൂഹത്തിന്റെ കൂടി കഥയാകുന്നു സ്ത്രീ സമൂഹം നേരിടുന്ന ദുരിത ചിത്രങ്ങൾ മനുഷ്യേതര കഥാപാത്രങ്ങളുടെ അർത്ഥവ്യാപ്തിയോടെ ബഷീർ രചിക്കുന്നത് ശുദ്ധ സുന്ദരമായ ഭ്രാന്തിന് ഘോരമായ ചികിത്സ നടത്തുന്നതിനിടയിലാണ് നോവൽ വായിക്കുമ്പോൾ തന്നെ ഒരു വ്യത്യസ്തമായ വായനാനുഭൂതി വായനക്കാർക്ക് സ്വന്തം കുടുംബാംഗങ്ങളെ കഥാപാത്രങ്ങൾ ആക്കികൊണ്ട് നോവൽ എഴുതിയപ്പോൾ ബഷീർ അതിൽ കേന്ദ്ര കഥാപാത്രമാക്കിയത് അവരെയോ തന്നെയോ അല്ല ഒരു ആടിനെയാണ് ബഷീറിന്റെ അനുജത്തി പാത്തുമ്മയുടെ ആട് ഇവിടെ നമുക്ക് കാണാൻ ആകുന്നത് കേവലം ബാലിശമായ ഒരു ഭാവനയല്ല മറിച്ച് ഒരു പ്രപഞ്ച വ്യാപ്തിയുള്ള സങ്കല്പം തന്നെ ഒരു ആടിലൂടെ മുന്നോട്ടുവയ്ക്കുകയാണ് നോവലിസ്റ്റ് നോവലിലെ പ്രധാന പ്രശ്നം ദാരിദ്ര്യം ആണ് ധാരാളം യാത്ര ചെയ്യുന്ന ബഷീറിന്റെ അനുഭവസമ്പത്ത് വിശകല വിശാലമായ അറിവുമത്രെ തന്റെ വീട്ടുകാരുടെ സാമ്പത്തികമായും സാംസ്കാരികമായും വൈജ്ഞാനികം മായും ഉള്ള പിന്നോക്ക അവസ്ഥ അദ്ദേഹത്തെ ചിന്തിപ്പിക്കുന്നുണ

AYSHA SHADURA
8D

# കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ

1 . വിത്തായം ചെന്നാൽ പത്തായം നിറയും

2 . കാലത്തെ വിതച്ചാൽ നേരത്തെ കൊയ്യാം

3 . വിത്ത് ഗുണം പത്തു ഗുണം

4 . കുമ്പത്തിൽ മഴ പെയ്താൽ കുപ്പയിലും നെല്ല്

5 . വിളയും  വിത്ത് മുളയിലറിയാം

6 . വിഷു കണ്ട രാവിലെ വിത്ത് ഇറക്കണം

7 . വിത്തുണ്ടെങ്കിൽ പത്തായവുമുണ്ടാകും

8 . കണ്ടും വിറ്റുകാളയെ വാങ്ങിയിട്ടെന്തിനാ

9 . വിത്ത് കുത്തി ഉണ്ണരുത്

10 .  കാലത്തെ വിതച്ചാലേ കതിര് നിറയൂ

11 . ഒന്ന് ചീയുന്നത് മറ്റൊന്നിന് വളം

12 . കനിയായാൽ പഴം താഴെ വീഴും

13 .കറ്റയും തലയിൽ വച്ചു വളം ചെത്തരുത്

14 . വിത്ത് വിറ്റു വിരുന്നുകൂട്ടരുത്

15 . നഞ്ചുമരമായാലും നട്ടവൻ  വെള്ളമൊഴിക്കും

16 . ഉണ്ടു പണിയുക പണിതുന്നുക

17 . വിശപ്പടക്കാൻ വിയർക്കണം

HIMA NOYAL MARIA
8D

# നാടൻ കലകൾ

## ആമുഖം

നമ്മുടെ നാട്ടിൽ പ്രാദേശികമായി നിലനിൽക്കുന്നതും ചില ഉത്സവങ്ങളുമായി ബന്ധപ്പെട്ടതും ആയ ധാരാളം നാടൻ കലാരൂപങ്ങൾ ഉണ്ട് പ്രാചീനകാലത്തെ സാമൂഹിക ജീവിതത്തിൻറെ പ്രതിഫലനങ്ങളായിരുന്നു നാടൻ കലകൾ ആധാരം സ്ഥാനം ആചാര അനുഷ്ഠാനം ആരാധന എന്നിവയുമായി ബന്ധപ്പെട്ട് ഉണ്ടായവയാണ് അവയിൽ ഏറിയ കുറും

## കഥകളി

കേരളത്തിൻറെ തനതായ ദൃശ്യ കലാരൂപമാണ് കഥകളി അനുഷ്ഠാനകലകളിലെ പല അംശങ്ങളും സമന്വയിപ്പിച്ച കൊട്ടാരക്കര തമ്പുരാൻ തുടങ്ങിവച്ച രാമനാട്ടമാണ് കഥകളിയായി പരിണമിച്ചത് കഥകളി സംഗീത സാഹിത്യം ആട്ടക്കട സാഹിത്യം എന്നാണ് അറിയപ്പെടുന്നത് കഥകളി ക്ഷേത്ര അങ്കണത്തിൽ വെച്ചാണ് നടക്കുന്നത്

## തെയ്യം

ഉത്തരകേരളത്തിൽ പ്രചാരത്തിലുള്ള വാദ്യം ,ശീതം എന്നിവ ചേർന്നുള്ള അനുഷ്ഠാന കലാരൂപമാണ് തെയ്യം വൈദികേന്ദ്രമായ അനുഷ്ഠാന ചര്യകളോട് ദൈവം പ്രതിക്കുവേണ്ടി സാധാരണമായി വണ്ണാാൻ ,കോപ്പാള ,മലയാ തുടങ്ങിയ സമുദായക്കാർ നടത്തുന്നനൃത്തമാണ് തെയ്യം ദൈവം എന്നതിൻറെ വാമൊഴി രൂപമാണ് തെയ്യം

## മുടിയേറ്റ്

തിരുവിതാംകൂറിലും കൊച്ചിയിലും പ്രചാരണത്തിലുള്ള കലയാണ് മുടിയേറ്റ് .ഭദ്രകാളിയും ദാരികൻ എന്ന അസുരനും തമ്മിലുള്ള യുദ്ധത്തെ ആധാരമാക്കി ആരാധനയുടെ ഭാഗമായി നടത്തപ്പെടുന്ന ഒരു പ്രകൃതി നാടകം ആണിത് ചിലയിടങ്ങളിൽ ' മുടിയെടുപ്പ് ' എന്നും ഈ കലാരൂപം അറിയപ്പെടുന്നു

## നങ്ങ്യാർകൂത്ത്

കേരളത്തിൽ പ്രചാരത്തിലുള്ള ഒരു ശാസ്ത്രീയ കലാരൂപം ക്ഷേത്ര കലയുമാണ് നങ്ങ്യാർകൂത്ത് നമ്പ്യാർ സമുദായത്തിലെ സ്ത്രീകളായ നങ്ങ്യാർ അമ്മമാർ അവതരിപ്പിച്ചിരുന്നത് കൊണ്ടാണ് ഇതിന് നങ്ങ്യാർകൂത്ത് എന്ന് പേര് വന്നത് കൂടിയാട്ടത്തിൽ നിന്നുമാണ് ഈ കലാരൂപം ഉണ്ടായത് കുലശേഖര രാജാവിനും ആരംഭിച്ചതാണ് ഈ കലാരൂപം

## ചാക്യാർകൂത്ത്

കേരളത്തിലെ അതി പ്രാചീനമായ ഒരു രംഗ കലയാണ് ചാക്യാർകൂത്ത് കൂത്ത് പരമ്പരാഗതമായി ചാക്യാർ സമുദായത്തിലെ അംഗങ്ങളാണ് അവതരിപ്പിക്കുക അതുകൊണ്ട് ചാക്യന്മാരുടെ കൂത്ത് എന്ന അർത്ഥത്തിലാണ് ഈ പേര് നിലവിൽ വന്നത് ഇത് ഒരു ഏകാംഗകലാരൂപമാണ് പരമ്പരാഗതമായി ക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളാണ് ചാക്യാർകൂത്ത് അവതരിപ്പിക്കാറുള്ളത് കലാകാരൻ ക്ഷേത്രത്തിലെ പ്രതിഷ്ഠ യോട് ഒരു പ്രാർത്ഥന ചൊല്ലി കൂത്തു തുടങ്ങുന്നു

HARIPRIYA SANOJ
7C

# ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം വിദ്യാർത്ഥികളിൽ

മനുഷ്യനെ നിത്യ ദുഃഖത്തിലേക്കും അകാല മരണത്തിലേക്കും കൊണ്ടെത്തിക്കുന്ന ഒന്നാണ് ലഹരിവസ്തുക്കൾ സാമൂഹിക ജീവിതത്തിൽ ഇവ എത്രമാത്രം സ്വാധീനിക്കപ്പെട്ടിരിക്കുന്നുവോ അത്രതന്നെ അപകടകരമായ അവസ്ഥയിലാണ് ഇന്ന് മനുഷ്യൻറെ പ്രയാണം



ഉപയോഗിക്കുന്നത് അന്തസിൻ്റെ ചിഹ്നമായി ഒരു കൂട്ടർ കാണുന്നെങ്കിലും മറ്റൊരു കൂട്ടർക്കിത് മനസ്സിൻറെ പക്വതയില്ലായ്മയുടെ പന്തല അനന്തല ഫലമാണ് മദ്യത്തിനും മയക്കുമരുന്നിനും അടിമയാകുന്നവരിൽ ശരീര പ്രതിരോധശേഷി നഷ്ടമാവുകയും കരൾ തലച്ചോറ് തുടങ്ങിയ ആ ആന്തരിക അവയവങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ചെയ്യും

ലഹരിപതാർത്ഥങ്ങൾ ഉപയോഗിക്കരുത് എന്ന് ഉപദേശിക്കുന്നവരെ പുച്ഛിക്കുന്ന സമൂഹത്തെയാണ് നാം ഇന്നും കാണുന്നത് സ്വന്തം കുടുംബത്തെ പോലും ഇല്ലാതാകാൻ യാതൊരു മടിയും ഈ കൂട്ടർക്ക് ഇല്ല എന്ന് മാത്രമല്ല , മദ്യപാനികൾ കുടുംബത്തിനും സമൂഹത്തിനും വരുത്തിയ വിനകൾ കുറച്ചൊന്നുമല്ല. കുടുംബസുരക്ഷിതം ഇതൊന്നും അവർക്ക് ഒരു പ്രശ്നവുമില്ല ലഹരി വസ്തുക്കൾ ഉപയോഗിക്കരുതെന്ന് മഹാന്മാർ ഉപദേശിക്കാറുണ്ട് മദ്യനിരോധനം മനുഷ്യന്മാർ രാഷ്ട്ര പുരോഗതിക്കും എന്താപേക്ഷിതമാണെന്ന് രാഷ്ട്രപിതാവായ ഗാന്ധിജി ഉത്ബോധിപ്പിച്ചിരിക്കുന്നു ഇന്ത്യയുടെ മുഴുവൻ ഭരണാധികാരിയായ ഞാൻ അവരോധിക്കപ്പെട്ടാൽ ആദ്യം ചെയ്യുക നാട് ഒട്ടാകെയുള്ള മദ്യഷാപ്പുകൾക്ക് നഷ്ടപരിഹാരം കൊടുക്കാതെ നിർത്തലാക്കും എന്നാണ് ഗാന്ധി പറഞ്ഞത്

ചുരുക്കത്തിൽ മദ്യവും മയക്കുമരുന്നും ഇല്ലാത്ത ഒരു ഇന്ത്യ ചൈതന്യമുള്ള ഒരു ജനത അതാവണം നമ്മുടെ ലക്ഷ്യം

KESIN SHEJITH 8D

# ക്യാൻസർ വാർഡിലെ ചിരി

ചിരിച്ചും ചിരിപ്പിച്ചും മലയാളിയുടെ ജീവിതത്തെ ആഘോഷപൂർണമാക്കുന്നതിനിടയിലാണ് ഇന്നസെന്റ് കാൻസർ എന്ന മഹാവ്യാധി പിടിപെടുന്നത് താമസിക്കാതെ ഭാര്യ ആലീസിനും ആ കാലത്തിന്റെ ഓർമകളാണ് ഈ പുസ്തകം ഇത് വായിച്ച് തീരുമ്പോൾ ഫലിതത്തിനും ഇച്ഛാശക്തിക്കും മുന്നിൽ മരണം പോലും വഴി വഴിമാറും എന്ന് നാം തിരിച്ചറിയുന്നു നിരാശരാകുമ്പോഴെല്ലാം നേരിടുമ്പോഴാണ് മഹാരോഗങ്ങളെയും ജീവിത ദുരന്തങ്ങളെയും മറികടക്കാൻ സാധിക്കുന്നതെന്നും മനസ്സിലാക്കുന്നു ജീവിത പ്രശ്നങ്ങൾക്ക് മുന്നിൽ പകച്ചു നിൽക്കുന്നവർക്ക് പ്രചോദനമാകുന്ന പുസ്തകം

AYSHA

8D

# വിത്തിടൽ പാട്ട്

ഒന്നാം മല വെട്ടി
ഒന്നരമല വെട്ടി
നിന്നും കൊണ്ടൊരു
നാഴി തിന പിന്നെ വിതച്ച്
നാത്തൂൻ മാരിവരും
ചേട്ടത്തിമാര് ഇരുവരും
തേങ്ങി തേങ്ങി നിന്നു
തിന വിതച്ച് ഇക്കണ്ട
മാടം കെട്ടി കളിച്ചിരുന്നു

ADILA SHERIN
8D

# ആസ്വാദനക്കുറിപ്പ്

## കുഞ്ഞേടത്തിയെത്തന്നയല്ലോ ഉണ്ണിക്കെന്നെന്നുമേറെയിഷ്ടം

.............................................................................................

## ആരു കേൾക്കാത്ത കഥ പറയും

ഒ എൻ വി

പ്രശസ്ത കവി ശ്രീ ഒ എൻ വി കുറുപ്പിന്റെ കുറുപ്പിന്റെ കുഞ്ഞേടത്തി എന്ന കവിതയിലെ ഏതാനും വരികളാണ് ഞാൻ ഞാൻ വായിച്ച് ആസ്വദിച്ചത് കുഞ്ഞേടത്തി തന്റെ സ്വന്തം അനിയനായ ഉണ്ണിക്ക്



നൽകുന്ന സ്നേഹവത്സല്യമാണ് ഈ വരികളിലെ മുഖ്യ ആശയം കുഞ്ഞേടത്തി ഉണ്ണിയെ മടിയിൽ ഇരുത്തിയും മാറോട് ചേർത്തു ലാളിക്കും ആരും ഇതുവരെ കേട്ടിട്ടില്ലാത്ത ആനയുടെയും മൈലിന്റെയും ഒട്ടകത്തിന്റെയു ം കഥ പറഞ്ഞുകൊടുക്കുകയും ചെയ്തിരുന്നു അതുകൊണ്ടുതന്നെ ഉണ്ണിക്കു ഉണ്ണിക്ക് എന്നും ഏറെ ഇഷ്ടം ആ സഹോദരിയോട് ആണ് ഈ വരികൾ വായിക്കുമ്പോൾ തന്നെ ഒരു ഒരു കുഞ്ഞേടത്തിയുടെയും അനുജനെയും സ്നേഹത്തിന്റെയും സുന്ദരദൃശ്യം ദൃശ്യം മനസ്സിൽ ഓടിയെത്തും മടിയിലിരുത്തിയിട്ട് മാറോട് ചേർത്തിട്ട് മണി മണി പോലെ കഥ പറയും എന്ന് ഈ വരികൾ വായിച്ചപ്പോൾ എന്നെ മടിയിൽ ഇരുത്തി കഥകൾ പറഞ്ഞു മുത്തശ്ശിയെ ഞാൻ ഓർത്തുപോയി. അതുകൊണ്ട് ഈ വരികൾ ആണ് എനിക്ക് ഏറെ ഇഷ്ടമായത് വ്യത്യസ്ത ഈണങ്ങളിൽ ഈ കവിത ചൊല്ലി നോക്കി ഈ കവിതയിലെ താള ഭംഗി ആകർഷകമാണ് മണി മണി പോലെ കഥ പറയൂ എന്ന വരിയിലെ മണി മണി എന്ന പ്രയോഗം ആ വരിക്ക് പ്രത്യേക ഭംഗി കൊടുക്കുന്നു സഹോദര സ്നേഹത്തിന്റെ മനോഹര ദൃശ്യം ഈ വരികളിലൂടെ കവി ചിത്രീകരിക്കുന്നു. എനിക്ക് ഈ കവിത വളരെ ഇഷ്ടമാണ്

SANUSHA C 8D



# മഹാമാരി

ഒറ്റക്കെട്ടായ് നിൽക്കാം നമ്മുക്ക്
ഈ മഹാമാരിയെ നേരിടാം ....
ജാഗ്രതയില്ലാതെ ജീവിതമില്ലെന്ന്
നമ്മുക്ക് മനസ്സിലുറപ്പിക്കാം......
വിദ്യയിൻ കേമനാം മാനവരൊക്കെയ്യും
വിധിയിൽ പകച്ചങ്ങു നിന്നിടുമ്പോൾ.....
വിരസത ഒട്ടുമേ പിടികൂടുവാൻ
വിലസുന്നു ലോകത്തിൻ ഭീക്ഷണിയായ്.......
പരക്കെപ്പരക്കുന്ന വൈറസ്സു ചുറ്റും
പരക്കാതിരിക്കാൻ നമ്മുക്കെന്തു ചെയ്യാം....
കരം ശുദ്ധമാക്കാം , ശുചിത്വം വരിക്കാം......
ഇരിക്കാം നമ്മുക്കിന്ന് വീട്ടിൽ സുഹൃത്തെ......
ഒട്ടിനിൽക്കാതെ നോക്കാം
പുറത്തേക്കിറങ്ങാതിരിക്കാം
ജാഗ്രതയോടെ മുന്നോട്ട് നീങ്ങാം
ആരോഗ്യം സുരക്ഷിതമാക്കി ഈ മഹാമാരിയെ നേരിടാം .....
മാതൃകയാകാം നമ്മുടെ നാടിനു-
വേണ്ടി നമ്മുക്ക് വീട്ടിലിരിക്കാം
അകലാതെ അകന്ന്
ഈ കൊറോണക്കാലത്ത്.........

ആഗ്നസ്മരിയ 9 A.

# പേരിലെന്തിരിക്കുന്നു..!?

ഏഴ് ബി.യിലെ മലയാളം ക്ലാസ് .
ടീച്ചർ നവോത്ഥാനകാല കൃതികൾ, കുട്ടികളെ പരിചയപ്പെടുത്തുകയാണ്.

ഈ സമയത്ത് വാതിൽക്കൽ പ്യൂൺ രാജേട്ടൻ.
കയ്യിൽ അറിയിപ്പ് കടലാസ്.
ക്ലാസ് മുറിഞ്ഞ നീരസത്തിൽ, ടീച്ചർ കടലാസ് വാങ്ങി നോക്കി, ഉറക്കെ വിളിച്ചു.

"ശരണ്യ ചാത്തൻ "

പിൻ ബെഞ്ചിൽ ഒരു ഞെട്ടൽ.
പതിയെ ശരണ്യ മൂളച്ചു.

"എന്താടീ പെണ്ണേ നിന്റെ വീട്ടുകാർക്ക് ഗ്രാന്റൊന്നും വേണ്ടേ..!?"

കുട്ടികൾ ചിരിക്കുന്നു.
അവൾ നിന്നുവിയർക്കുന്നു.

"അമ്മ ഉച്ചയ്ക്ക് വരും ടീച്ചർ "

"ഓ.. നല്ല കാര്യം. അമ്മ വരുമ്പോ എന്നെ കണ്ടിട്ടേ കാശ് വാങ്ങാവൂ എന്ന് പറയണം.
എടീ.., സർക്കാര് നിങ്ങക്കൊക്കെ കാശ് തരുന്നതേ കൃത്യമായി ക്ലാസ്സിൽ വരാനും
പഠിക്കാനുമാ.. ശരി.. ഇരി." .

ആ വാക്കിൽ പരിഹാസം തുളുമ്പി.
പരസ്യമായ തിരുത്തൽ നിന്ദനമാണെന്ന് അറിയാതെ കുട്ടികളും ,ടീച്ചർ പറഞ്ഞത് ശരിയെന്ന് തലയാട്ടി.
ഇരിക്കാൻ പറഞ്ഞ ആശ്വാസത്തിൽ, ശരണ്യ കൂട്ടുകാരികൾക്കിടയിൽ ശരീരമൊളിപ്പിച്ചു.
തലകുനിച്ചു.

"കുട്ടികളേ.., നിങ്ങൾ ഒന്നോർത്തോളൂ. കണക്കിൽ പേരുണ്ടായാൽ ഞങ്ങള് അധ്യാപകർക്ക് ശമ്പളം കിട്ടും. ക്ലാസ്സിൽ വരാതിരുന്നാലേ നഷ്ടം ആർക്കാ ..!?"

കുട്ടികൾ കോറസ്സായി, കാലാകാലങ്ങളായ കേൾക്കുന്ന ആ ചോദ്യത്തിന് ഉത്തരം നൽകി.

" ഞങ്ങൾക്ക്. "

ഉത്തരം ടീച്ചർക്ക് ബോധിച്ചു. ഒപ്പിട്ട പേപ്പർ , ടീച്ചർ തിരികെ നൽകി.
എല്ലാം തീർന്നെന്ന് കരുതി ആശ്വസിക്കാൻ തുടങ്ങുകയായിരുന്നു ശരണ്യ...എന്നാൽ..!

"ആരാടീ നിനക്കീ പേരിട്ടത്..?! ശരണ്യ .സി എന്നു മതിയായിരുന്നു. ഇതൊരു പേര് .
ശരണ്യചാത്തൻ .! "

കുട്ടികൾ വീണ്ടും ആർത്തുചിരിക്കുന്നു.

" ഷേക്സ്പിയറിനൊക്കെ പേരിലെന്തിരിക്കുന്നു എന്ന് പറയാം.. പക്ഷെ നീയൊരു പെണ്ണല്ലേടീ..! "

ടീച്ചർ, വിഷയത്തിൽ തന്റെ അറിവുകൂടി കൂട്ടിച്ചേർക്കുകയാണ്.
ശരണ്യയപ്പോൾ കുട്ടികൾക്കിടയിൽ ഉരുകി ഇല്ലാതാവുകയായിരുന്നു.

"എന്തായാലും നിന്റെ പേര് തിരുത്താനാവുമോ എന്ന് ഇപ്പത്തെ എച്ച് എമ്മിനോട് ഞാനൊന്ന് സംസാരിക്കട്ടെ .. "
കുട്ടികൾ, അതു കേട്ട് കയ്യടിച്ചു.

"അല്ലേലും നിന്നെപ്പറഞ്ഞിട്ടെന്താ.. പേരിടുന്നോർക്കും ബോധമില്ല. പേരു ചേർക്കുന്നോർക്കുമില്ല.."

പൊതുനിരത്തിൽ വിവസ്ത്രയായപോലെ ശരണ്യയ്ക്ക് ശ്വാസം മുട്ടി.
അവൾക്ക് ക്ലാസ്സിൽ നിന്നും ഇറങ്ങിയോടാൻ തോന്നി.
അവൾ ഒരിക്കൽക്കൂടി ഒറ്റപ്പെട്ടു.
പേരിൽ പലതുമുണ്ടെന്ന് കയ്പോടെ അറിയുകയാണ് ..

കുട്ടികളുടെ ചിരിയടക്കി ടീച്ചർ കവിതയിലേയ്ക്ക് കടന്നു..

"ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത് "

അതിന്റെ അർത്ഥവും ആശയവും വിവരിച്ചതൊന്നും പിന്നീട് ശരണ്യ കേട്ടില്ല.
അവൾക്കൊന്നും മനസ്സിലായില്ല.

അവളെ നവോത്ഥാനകാലത്തിനിപ്പുറംതന്നെ നിർത്തി, ടീച്ചറും കുട്ടികളും മുന്നോട്ടു പോയി.

റോയ്സൺ പിലാക്കാവ്.